## പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5499 4-07-2013 ൽ മറുപടിക്ക്

### ജലനിധിയുടെ പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' സണ്ണി ജോസഫ്
'' അൻവർ സാദത്ത്
'' ബെന്നി ബെഹനാൻ

മറുപടി

ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ | ഗ്രാമപഞ്ചായത്തുകളിൽ ജലനിധിയുടെ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ?; | രണ്ടാം ഘട്ട ജലനിധി പദ്ധതി പ്രവർത്തനങ്ങൾ 2017 ജൂൺ മാസം 30 --ാം തീയതിക്കുള്ളിൽ പൂർത്തിയാക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| ബി | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നത്; | 1022 കോടി രൂപ അടങ്കലിൽ കേരളത്തിലെ ഇരുന്നൂറോളം ഗ്രാമപഞ്ചായത്തുകളിലെ ഉദ്ദേശം 11.50 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളവും, 7 ലക്ഷത്തോളം ആളുകൾക്ക് ശുചിത്വ സംവിധാനവും ലഭ്യമാക്കുന്ന ലോകബാങ്ക് സഹായത്തോടെയുള്ള രണ്ടാം ഘട്ട കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതിക്ക് (ജലനിധി -II) 2011 ഡിസംബർ മാസത്തിൽ ലോകബാങ്ക് അംഗീകാരം നൽകുകയുണ്ടായി. കുടിവെള്ള വിതരണത്തോടൊപ്പം പദ്ധതി പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടുന്നതിനും പദ്ധതി നടപ്പാക്കുന്നതിനും തുടർ |

| | | |
|---|---|---|
| | | പ്രവർത്തനങ്ങൾ നടത്തുന്നതിനും ഗ്രാമീണ ജനതയെ സജ്ജമാക്കുന്നു എന്ന സവിശേഷത ഈ പദ്ധതിക്കുണ്ട്. പ്രദേശത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് ആസൂത്രണവും രൂപകൽപനയും നടത്തിപ്പും പരിപാലനവും എങ്ങനെയായിരിക്കണമെന്ന് നിശ്ചയിക്കുന്നതിനുള്ള പൂർണ്ണമായ അവകാശം ജനങ്ങളിൽ നിക്ഷിപ്തമാകുന്ന ജനകീയ പദ്ധതി കൂടിയാണിത്. സാധാരണ കുടിവെള്ള പദ്ധതികളിൽ നിന്നും വ്യത്യസ്തമായി കമ്മീഷൻ ചെയ്യുന്ന പദ്ധതിയുടെ പരിപാലനവും ഉടമസ്ഥതയും ഗ്രാമപഞ്ചായത്തുകൾക്കും ജനകീയ സമിതികൾക്കും സ്വന്തമാകുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയ സമിതികളെയും ശാക്തീകരിക്കുന്നതിനുള്ള പ്രത്യേക പരിശീലനവും പദ്ധതിയുടെ ഭാഗമാണ്. |
| സി | പദ്ധതി നടത്തിപ്പിന് ഏതെല്ലാം ഏജൻസികളാണ് സഹകരിച്ചിരിക്കുന്നത്; | പദ്ധതി നടത്തിപ്പിന് താഴെപ്പറയുന്ന ഏജൻസികളാണ് സഹകരിച്ചിരിക്കുന്നത്;<br>1. കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി,<br>2. ഗ്രാമപഞ്ചായത്തുകൾ<br>3. സഹായ സംഘടനകൾ<br>4. ഗുണഭോക്തൃ സമിതികൾ<br>മേൽപ്പറഞ്ഞവക്ക് പുറമേ മൾട്ടി ജി പി പദ്ധതികളിൽ കേരള വാട്ടർ അതോറിറ്റിയും പങ്കാളികളാണ്. |
| ഡി | പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | തിരുവനന്തപുരം കേന്ദ്രമാക്കി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചു. കണ്ണൂർ, പെരിന്തൽമണ്ണ, തൊടുപുഴ കേന്ദ്രമായി 3 റീജണൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിക്കുകയും ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിലേക്ക് ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുകയും ബാച്ചുകളായി തിരിച്ച് പ്രവർത്തനങ്ങൾ നടന്നുവരുകയും |

| | | |
|---|---|---|
| | | ചെയ്യുന്നു. ആദ്യ രണ്ട് ബാച്ച് കളിലെ പ്രവർത്തനമാണ് ഇപ്പോൾ നടന്നു വരുന്നത്. പദ്ധതി നടത്തിപ്പിൽ ഗ്രാമപഞ്ചായത്തുകളെ സഹായിക്കുന്നതിനുവേണ്ടി സഹായ സംഘടനകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇങ്ങനെ തെരഞ്ഞെടുക്കുന്ന സഹായ സംഘടനകൾ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി പ്രവർത്തിച്ചുവരുന്നു. പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് KRWSA യുടെ ഭാഗത്തുനിന്നും നിരന്തരം ഫീൽഡ് വിസിറ്റുകൾ, അവലോകന യോഗങ്ങൾ എന്നിവ നടത്തുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ യഥാസമയം പഞ്ചായത്തുകൾക്ക് നൽകിവരുകയും ചെയ്യുന്നു |

സെക്ഷൻ ഓഫീസർ